# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3187 — 19.06.2018-ൽ മറുപടിയ്ക്ക്.

## ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച നയം

| ചോദ്യം<br><br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.റോജി എം. ജോൺ | | മറുപടി<br><br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്താത്തത് മൂലം പ്രസ്തുത റോഡുകളിൽ പലതും സഞ്ചാരയോഗ്യമല്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br>ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച നയം 27/12/2016 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(എം.എസ്) 197/2016/ത.സ്വ.ഭ.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡുകളുടെ പാർശ്വഭാഗങ്ങളിലെ അറ്റകുറ്റപ്പണി വനിത സ്വാശ്രയസംഘങ്ങളെ ഏല്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;വിശദമാക്കുമോ? | (സി) | അറ്റകുറ്റപ്പണികൾ വനിത സ്വയം സഹായ സംഘങ്ങളെ ഏല്പിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. 2018-19 സാമ്പത്തിക വർഷം കുടുംബശ്രീ സ്വയം സഹായ സംഘങ്ങളെ ഏർപ്പെടുത്തികൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ Defect Liability Period ന് (അഞ്ചു വർഷത്തെ അറ്റകുറ്റപണികൾക്കു) ശേഷം റോഡുകളിലെ മൂടികിടക്കുന്ന ഓടകൾ വൃത്തിയാക്കൽ, കാട്ടുകൾ വെട്ടിത്തെളിക്കൽ, മൈൽ സ്റ്റോൺ പെയിന്റടിക്കൽ എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി 1.15 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ